Kerala Catholic Bible Society
REG. No. E.R. 649/91

PASTORAL ORIENTATION CENTRE
P.B. No. 2251, Palarivattom
Cochin, Kerala, India - 682 025
☎ : 0484 2805897, 2805815
: secretary@keralabiblesociety.com
: www.keralabiblesociety.com

All Kerala Press Release 21.11.2022

# കേരളത്തിന്റെ പുറത്തുനിന്നും ആദ്യത്തെ ലോഗോസ് പ്രതിഭ

കൊച്ചി: കെ.സി.ബി.സി. കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ 22-ാമത് സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ബാഗ്ളൂരിൽനിന്നുള്ള നിമാ ലിന്റോ ഒന്നാമതെത്തിലോഗോസ്പ്രതിഭയായി. മാൻഡ്യ രൂപതയിൽനിന്നുള്ള വിവര സാങ്കേതിക മേഘലയിലെ ജോലിക്കാരിയാണ് നിമ ലിന്റോ. നാലു ലക്ഷത്തിഎഴുപതിനായിരം പേർ പങ്കെടുത്ത പരീക്ഷയിൽ 700 പേർ രണ്ടാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു ഫൈനൽ റൗണ്ടിലേക്ക് ആറുപേർ യോഗ്യത നേടി. ബധിരർക്കായുള്ള ബൈബിൾ ക്വിസിൽ ഒന്നാം സ്ഥാനത്തിന് തലശ്ശേരി അതിരൂപതയിൽനിന്നുള്ള നിമ്മി ഏലിയാസ് അർഹയായി. കുടുംബങ്ങൾക്കായുള്ള ഫാമിലി ക്വിസ്സിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ തിരുതക്കരയിൽ ജെയ്മോൻ & ഫാമിലി തിരഞ്ഞെടുക്കപ്പെട്ടു. ആഗോളതലത്തിൽ ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നുമുള്ള 39 രൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു.

ലോഗോസ് ബൈബിൾ ക്വിസിൽ ആറു പ്രായ വിഭാഗങ്ങളിലെ സംസ്ഥാനതല ജേതാക്കളെ പങ്കെടുപ്പിച്ചു പാലാരിവട്ടം പിഒസിയിൽ നവംബർ 20 നാണ് ഗ്രാൻഡ് ഫിനാലെ നടന്നത്. D വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് നിമ ലിന്റോ. മറ്റു പ്രായവിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: A- റെയ്ചൽ മരിയ റെജി (തിരുവനന്തപുരം ലത്തീൻ അതിരൂപത), B - അലീന ജെയ്മോൻ (ചങ്ങനാശ്ശേരി അതിരൂപത), C- അഞ്ചന ടോജി (പാലാ), E - ആനി ജോർജ് (തൃശ്ശൂർ), F- ലൈല ജോൺ (പാലക്കാട്). കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാപുരസ്കാരത്തിന് റവ. ഫാ. ജോസ് മരിയ ദാസ് OIC അർഹനായി.

സമാപന സമ്മേളനത്തിൽ ബിഷപ്പ് ജോർജ് മഠത്തികണ്ടത്തിൽ അവാർഡ് നൽകി സംസാരിച്ചു. സമാപനസമ്മേളനത്തിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി അധ്യക്ഷത വഹിച്ചു. കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. ലോഗോസ് പ്രതിഭയ്ക്ക് പാലയ്ക്കൽ തോമ്മാ മല്പാൻ 25000 രൂപയുടെ ക്യാഷ് അവാർഡും ശ്രീ. സിജോ വടക്കൻ, ട്രിനിറ്റി ടെക്സാസ്, സ്പോൺസർ ചെയ്യുന്ന 25000 രൂപയുമാണ് സമ്മാനം. വിവിധ പ്രായവിഭാഗങ്ങളിലെ വിജയികൾക്ക് സ്വർണമെഡലും ക്യാഷ് അവാർഡുകളും സമ്മാനിച്ചു.

റവ. ഡോ. ജോജു കോക്കാട്ട്,
സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി

*(ഫോട്ടോ - ലോഗോസ് സമാപന സമ്മേളനം*